# ജേക്കബിന്റെ ജലതന്ത്രം

**തന്റെ പുതിയ പദ്ധതി 'വർഷ'യെപ്പറ്റി ജലസേചനമന്ത്രി ആഗസ്റ്റ് 17ലെ എല്ലാ പത്രങ്ങളിലും എഴുതിയ കുറിപ്പും ആ പദ്ധതിയുടെ ഉദ്ഘാടനം സംബന്ധിച്ചു വന്ന റിപ്പോർട്ടുകളും ഏറെ ചിന്തിപ്പിക്കാൻ പ്രേരകമായതാണ്. കേരളത്തെപ്പറ്റിയും പൊതുവെ ജലമെന്ന പ്രകൃതിയുടെ അനുഗ്രഹത്തെപ്പറ്റിയും എന്തൊരു തിരിച്ചറിവാണ് നമ്മുടെ ഭരണക്കാർക്ക്!**

**സി.ആർ.നീലകണ്ഠൻ നമ്പൂതിരി**

കേരളത്തിൽ മൂവായിരം മില്ലിമീറ്റർ ശരാശരി മഴ കിട്ടുന്നുവെന്നും കുത്തനെയുള്ള ഭൂപ്രകൃതിയാണ് ഈ നാട്ടിനുള്ളതെന്നും , പെയ്യുന്ന വെള്ളം കടലിലേക്ക് ഒഴുകി പാഴായിപ്പോകുന്നു എന്നും മഴവെള്ളം ശേഖരിച്ചാൽ കേരളത്തിലെ ജനങ്ങൾക്കു കുടിവെള്ളം വേണ്ടത്ര നൽകാമെന്നും നമ്മുടെ ജലമന്ത്രി കണ്ടെത്തിയിരിക്കുന്നു.(ഇതിനുമുമ്പും ഇദ്ദേഹം ഇവിടെ ജലസേചനമന്ത്രിയായിരുന്നു ഒരുപക്ഷേ കരിയാർകുട്ടി, കാരപ്പാറ, പെരിയാർ വാലി, കാസ, കല്ലട തുടങ്ങിയ തിരക്കുകൾക്കിടയിൽ ആലോചിക്കാൻ സ്വസ്ഥത കിട്ടിക്കാണില്ല).

### 'പാഴാകുന്ന വെള്ളം'


ഏറെ ആവർത്തിക്കപ്പെടുന്ന ഒരു പ്രയോഗമാണിത്. മലനാട്ടിലും ഇടനാട്ടിലും പെയ്യുന്ന മഴവെള്ളം പുഴയിലൂടെയൊഴുകി കടലിലേക്കെത്തുകയെന്നതാണ് പ്രകൃതിയുടെ രീതി. വെള്ളം എത്ര പെട്ടെന്നു കടലിലെത്തുന്നുവെന്നത് പ്രധാനമായും ഭൂപ്രകൃതിയെ ആശ്രയിച്ചിരിക്കുന്നു. ഈ ഒഴുക്ക് പാഴാണ് എന്നു പറയുന്നത് മിതമായി പറഞ്ഞാൽ അജ്ഞതയാണ്. ഒരു ഉദാഹരണം പറയാം. ഒരു വ്യക്തി ഒരു ദിവസം നാലു ലിറ്റർ ജലം അകത്താക്കുന്നുവെന്ന് കരുതുക. ഇതിൽ മൂന്നു ലിറ്ററും മൂത്രവും വിയർപ്പുമായി പുറത്തു പോകുന്നു. ഇതൊഴിവാക്കാൻ ബാക്കിയുള്ള ഒരു ലിറ്റർ മാത്രം കുടിച്ചാൽ പോരേ, വെറുതെയെന്തിനാ സമയം നഷ്ടപ്പെടുത്തുന്നത് എന്നു ചോദിച്ചാൽ അതിനൊരു യുക്തിയുണ്ട്. പക്ഷെ നമ്മുടെ ശരീരമായതു കൊണ്ടു നമുക്കറിയാം, ഈ വിയർപ്പും മൂത്രവും പുറത്തുവിടുകയെന്നത് ഒരു പാഴ്പരിപാടിയല്ല. അതു വഴി ശരീരം (പ്രകൃതി) ഒട്ടേറെ ജൈവധർമ്മങ്ങൾ നിർവ്വഹിക്കുന്നു. ഖര മാലിന്യങ്ങൾ പുറത്തുപോകുന്നത് (ഉപ്പ്, യൂറിയ, പഞ്ചസാര മുതലായി പലതും) ഇതിലൂടെയാണ്.

നാം ജീവിക്കുന്ന പ്രകൃതി നമ്മുടെ ശരീരം പോലെ ജൈവവും പരസ്പരാശ്രിതവുമാണ് എന്ന് നമോർക്കാറില്ല. പുഴയിൽ എവിടെയും അണകെട്ടി വെള്ളം തടഞ്ഞു നിർത്തുന്നത് ശരിയാണെന്നു നാം ധരിക്കുന്നു. നമ്മുടെ രക്തക്കുഴലുകളിൽ അങ്ങിനെ ചെയ്യാൻ നാം തയ്യാറാകുമോ? (ഒന്നു രണ്ടു രക്തക്കുഴലുകൾ മാത്രം 'ബൈപ്പാസ്' ചെയ്യാൻ നാമെത്ര മുൻകരുതലുകളാണെടുക്കുന്നത്!) പുഴയിലൂടെ വെള്ളമൊഴുകിപ്പോകുന്നതുകൊണ്ടാണ് അതിന്റെ ഇരുകരയിലും ജീവൻ നിലനിൽക്കുന്നത്. പുഴയിലൂടെ വൻതോതിൽ വെള്ളമൊഴുകിയെത്തുന്നതുകൊണ്ടാണ് തീരപ്രദേശത്ത് കടലിലും കായലിലും ജീവൻ നിലനിൽക്കുന്നത്.

### പുഴയിൽ വെള്ളമില്ലാതാകുന്നതോ?

മൂവായിരം മില്ലീമീറ്റർ മഴയും കിഴക്കാം തൂക്കായ ഭൂപ്രകൃതിയും ഈയടുത്ത കാലത്തുമാത്രം ഉണ്ടായ ഒന്നല്ല. പക്ഷെ കഴിഞ്ഞ പത്തുപതിനഞ്ചുവർഷക്കാലത്താണ് ഇത്ര രൂക്ഷമായ ജലദൗർലഭ്യം ഇവിടെയുണ്ടായത്. ജനസംഖ്യയും പ്രതിശീർഷ ആവശ്യവും (ഇതു പ്രത്യേകം പരിശോധിക്കാം) കൂടിയതാണോ പ്രശ്നം? മറ്റു വല്ല ഘടകങ്ങളുമുണ്ടോ? മന്ത്രിയും മറ്റധികാരികളും അല്പം ആത്മാർത്ഥമായി (?) ചിന്തിക്കാൻ തയ്യാറുണ്ടോ? മഴവെള്ളത്തെ ശേഖരിച്ചുവച്ച് പ്രകൃതിയുടെ ആവശ്യത്തിനുവേണ്ടി അല്പാല്പമായി പുറത്തേക്കു തന്നിരുന്നത് നമ്മുടെ മണ്ണാണ്. വനത്തിലും പുറത്തും പെയ്യുന്ന മഴവെള്ളം ഭൂമിയിലേക്കിറങ്ങുന്നതിന് മരങ്ങൾ എത്ര സഹായകരമാണെന്ന് മൂന്നാം ക്ലാസിലെ കുട്ടി പറയും. കിഴക്കൻ മലയിലെ കാടുകൾ വെട്ടിത്തെളിച്ച് 'വികസനം' വരുത്താൻ 'പട്ടയം' നൽകിയതിൽ ഒരു 'മനപ്രയാസവും' ഈ മന്ത്രിയടക്കമുള്ളവർക്കും പാർട്ടിക്കാർക്കും ഇന്നുവരെ ഉള്ളതായി അറിവില്ല. കൊടുങ്കാട്ടിലല്ല്, മൊട്ടക്കുന്നിലാണിന്നു മഴപെയ്യുന്നതെന്നതിനാൽ ആ വെള്ളം കുത്തിയൊലിച്ച് താഴേക്ക് വരുന്നു.

ഇതുപോലെ തന്നെയാണ് ഏകവിള എസ്റ്റേറ്റുകളുടെ പ്രശ്നവും. മണ്ണിലേക്കു വെള്ളമിറങ്ങാൻ ഇവ സമ്മതിക്കില്ല. ഓരോ വലിയ കുന്നും ശേഖരിക്കുന്ന മഴവെള്ളമാണ് അതിനു ചുറ്റുമുള്ള ജൈവവ്യവസ്ഥയെ സംരക്ഷിക്കുന്നത്. ഇന്ന് അതിലെ മരങ്ങൾ (ചിലപ്പോൾ കുന്നുകൾ തന്നെയും) വെട്ടിമാറ്റുന്നത് വികസനമാണല്ലോ. എത്ര മഴ പെയ്താലും നമ്മുടെ അണക്കെട്ടുകളിൽ വെള്ളമുണ്ടാകില്ല. മണ്ണടിഞ്ഞ് അവയുടെ ശേഷി കുറഞ്ഞതു മാത്രമല്ല പ്രശ്നം, അണക്കെട്ടിലേക്ക് ജലമൊഴുകിയെത്തിയിരുന്ന പല ചാലുകളും അടഞ്ഞു പോയി. ഇതു വനം നശിപ്പിച്ചതിന്റെ ഫലമാണ്. പുഴയിലെ മണൽ വാരലിന്റെ കെടുതികളെ പറ്റി ഇപ്പോൾ രാഷ്ട്രീയനേതാക്കൾ പോലും (മുതല!)കണ്ണീർ പൊഴിക്കുന്നു. വ്യാവസായികവാണിജ്യ സ്ഥാപനങ്ങൾ മാത്രമല്ല ആരാധനാലയങ്ങൾ പോലും നമ്മുടെ നദികളെ അങ്ങേയറ്റം മലിനമാക്കുന്നു. മലനിരകളിലെ എസ്റ്റേറ്റിലടിക്കുന്ന വിഷം മുതൽ ഇങ്ങേയറ്റത്തുള്ള ഇരുനൂറ്റമ്പതോളം കമ്പനികൾ പുറത്തുവിടുന്ന മാലിന്യങ്ങൾ വരെയുള്ള പെരിയാറിലെ വെള്ളം തരാനല്ലേ ഇവർക്കു കഴിയൂ.



കായലുകളും കിണറുകളും മാത്രമല്ല, നെൽവയലുകളുംസ്വാഭാവികജലസമ്പത്തിനെ സംരക്ഷിച്ചു നിർത്തുന്ന ധർമ്മം കാര്യമായി നിർവ്വഹിക്കാറുണ്ട്. പക്ഷെ, പാടം നികത്തി ഭൂമിയുണ്ടാക്കിയില്ലെങ്കിൽ (എല്ലാ മലകളും വെട്ടി കഴികൾ നികത്തുന്ന സോഷ്യലിസം വന്നില്ലെങ്കിൽ) എന്തു വികസനം? ഈ ശേഖരണികളില്ലാതാക്കിയതിൽ പങ്കില്ലാത്തവർ ആരുണ്ട്? സ്വാഭാവികമായ നീരൊഴുക്കിനെ തടയുന്നതും നശിപ്പിക്കുന്നതുമായ പാറ പൊട്ടിക്കലും റോഡു വെട്ടലും കായലും തോടും കയ്യേറലും തുടങ്ങിയ വിനാശപ്രവൃത്തികൾക്കു മുഴുവൻ നേതൃത്വം നൽകുന്ന ഭരണൈക്യം അതൊന്നും കാണില്ല. ജലക്ഷാമത്തിന്റെ ഈ യഥാർത്ഥ കാരണങ്ങൾ മറച്ചുവെക്കുന്നതാണ് മഴവെള്ളസംഭരണം എന്ന ഈ മുറിവൈദ്യം എന്നു പറയേണ്ടതുണ്ട്. ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കൽ, ഭൂഗർഭ ജലനിരപ്പുയർത്തൽ എന്നു പറയുന്നവർ തന്നെയാണ് നാട്ടിലാകെ കുഴൽക്കിണറുകളടിക്കുന്നതും എന്നുമറിയുക

### വെള്ളക്കെട്ട്

ഇത്ര വെള്ളക്ഷാമം പറയുമ്പോഴും കേരളത്തിലെ നഗരങ്ങളും പല ഗ്രാമങ്ങളും വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കാൻ ഒട്ടേറെ പണം ചെലവാക്കുന്നുമുണ്ട്. മഴക്കാറു വച്ചാൽ മതി നമ്മുടെ നഗരങ്ങൾ വെള്ളത്തിലാവും - കൊച്ചിയും തിരുവനന്തപുരവും കോഴിക്കോടുമെല്ലാം. കാന പണിത് വെള്ളക്കെട്ടൊഴിവാക്കാമെന്ന ധാരണയാണ് നമുക്കിപ്പോഴും. കുറച്ചു സ്ഥലത്തെ വെള്ളക്കെട്ടൊഴിവാക്കാം - അതു മറ്റു ചിലയിടത്തേക്കാക്കാം. (നാറാണത്തു ഭ്രാന്തന്റെ കാലിലെ മന്തു പോലെ!) ഭൂമിയാകെ ടാറും കോൺക്രീറ്റുമിട്ട് നികത്തി ഭൂമിക്കടിയിലേക്ക് വെള്ളമെത്താതെയാക്കി 'വികസിപ്പിച്ച'തിന്റെ ഫലമാണിതെന്നതറിയാതെ കാനകൾ കൂട്ടി കോൺക്രീറ്റിട്ടു കൊണ്ടാണ് നാം വെള്ളമൊഴുക്കുന്നത്. 'വികസിച്ച ജീവിതശൈലി' മൂലം നാം പുറത്തുകളയുന്ന മാലിന്യങ്ങൾ (പ്രധാനമായും പ്ലാസ്റ്റിക്) കാനകളിലടിഞ്ഞുകൂടി വെള്ളക്കെട്ടുണ്ടാക്കി (നഗരത്തിലാകെ) ഒറ്റ മഴക്ക് മാലിന്യവും എന്നെന്നും കോടാനുകോടി കൊതുകും പടർത്തുന്നതിനു വേണ്ടി നാമെത്ര കോടികൾ മുടക്കുന്നു. ഇത്ര കാലത്തെ അനുഭവത്തിൽ നിന്നൊരു പാഠവും പഠിക്കാത്ത നമ്മൾ, ഇപ്പോൾ മഴവെള്ളത്തെ പിടിച്ചുകെട്ടി എല്ലാം നേരെയാക്കുമോ? (തുടരും)

## ബൊളീവിയയും മറ്റും

ബൊളീവിയയെന്ന ലാറ്റിനമേരിക്കൻ രാജ്യത്തിന്റെ അനുഭവം ജേക്കബിനെപ്പോലുള്ളവർക്കറിയുമോയെന്തോ? ഉദാരവൽക്കരണത്തിന്റെ ഭാഗമായി ജലവിതരണസംവിധാനമാകെ ഒരു ബഹുരാഷ്ട്രകമ്പനിയായ 'ബെക്ടൽ യു.എസ്.എ'യെ ഏൽപിച്ചു പൊതുമേഖല മാത്രമല്ല, നമ്മുടെ നാട്ടിലെ മുതലാളിമാർ പോലും 'സ്വതന്ത്ര മത്സരാധിഷ്ഠിത കമ്പോളവ്യവസ്ഥ'ക്കു യോജിച്ചത്ര വളർന്നിട്ടില്ലെന്ന് നമ്മുടെ ചില വിദഗ്ധർ പറയുന്നതു പോലെ അവിടെയും അഭിപ്രായമുണ്ടായിരുന്നു. ജലവിതരണത്തിന്റെ പൂർണ്ണാധികാരം നിയമപ്രകാരം തന്നെ കിട്ടിയ ബെക്ടൽ കാര്യമായി പ്രവർത്തിച്ചു തുടങ്ങി.

സമ്പന്നരുടെ മേഖലകളിൽ ജലവിതരണം കാര്യക്ഷമമാക്കി. വെള്ളത്തിന്റെ വില കൂടിയതൊന്നും ബാധിക്കാത്ത അക്കൂട്ടർ ഈ പുതിയ സംവിധാനത്തിനു ജയജയ പാടി. എന്നാൽ വെള്ളത്തിന്റെ വില കൂടിയപ്പോൾ ദരിദ്രർക്ക് അസഹനീയമായി. പൊതുവിതരണസംവിധാനമുപേക്ഷിച്ച് സ്വന്തം കിണർ കുഴിക്കാൻ ശ്രമിച്ചപ്പോൾ മറ്റൊരു പ്രശ്നമുണ്ടായി. കിണർ കുഴിക്കാൻ അനുമതി വേണം, സർക്കാറിന്റേതല്ല, ബെക്ടൽ കമ്പനിയുടേത്. കിണർ കുഴിക്കാനാവാത്തവർ മഴവെള്ളശേഖരണത്തിനു ശ്രമിച്ചു അവിടെയും ബെക്ടൽ തടഞ്ഞു. മഴവെള്ളവും പുഴവെള്ളവുമടക്കം എല്ലാത്തിന്റേയും അധികാരം തങ്ങൾക്കാണ് എന്ന് സർക്കാരുമായി ഒപ്പിട്ട കരാർ ഉയർത്തിക്കാട്ടി ബെക്ടൽ വാദിച്ചു സർക്കാരിന് പ്രകൃതിവിഭവങ്ങളിലുള്ള അധികാരം അവർക്കു കൈമാറുന്നതായി കരാറിലുണ്ട്. കേരളത്തിലും (മറ്റു പല സംസ്ഥാനങ്ങളിലും) കിണർ കുഴിക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയ കാര്യം നമ്മളിൽ എത്ര പേർ ശ്രദ്ധിച്ചു? അതും ഈ സ്വകാര്യവൽക്കരണ പരിപാടിയുടെ ഭാഗമാണ്. ഇപ്പോൾ വനത്തിലെന്നതു പോലെ വെള്ളത്തിലും സർക്കാർ അധികാരമാണ്.

'ലൈസൻസ് രാജ്' മാറ്റുകയെന്ന പേരിൽ ഈ അധികാരം കുത്തകകൾക്കു കൈമാറ്റം ചെയ്യപ്പെടുകയാണ്. ജനങ്ങൾക്ക് ഇതു സഹിക്കാൻ കഴിയാത്ത അവസ്ഥയെത്തിയപ്പോൾ അവർ പ്രതികരിച്ചു. വമ്പിച്ച പ്രതിഷേധമുയർന്നതിനെത്തുടർന്ന് ബെക്ടൽ രാജ്യം വിട്ടോടി. നഷ്ടപരിഹാരത്തിനായി കേസ് നടന്നുകൊണ്ടിരിക്കുന്നു. ബെക്ടൽ ജയിച്ചാൽ വൻതുക സർക്കാർ നൽകണം.